**15 -ാം കേരള നിയമസഭ**

**5 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 3298** **13-07-2022 - ൽ മറുപടിയ്ക്ക്**

**പാട്ടക്കുടിശ്ശിക**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ഡോ. എം.കെ . മുനീർ ,<br>ശ്രീ .പി. കെ. ബഷീർ ,<br>ശ്രീ . മഞ്ഞളാംകുഴി അലി ,<br>ശ്രീ . പി . ഉബൈദുള്ള | | ശ്രീ. കെ. രാജൻ<br>(റവന്യൂ-ഭവനനിർമ്മാണ വകുപ്പ് മന്ത്രി) | |
| (എ) | സർക്കാർ ഭൂമി പാട്ടത്തിന് നൽകിയ വകയിൽ അഞ്ഞൂറോളം സ്ഥാപനങ്ങളിൽ നിന്നായി പിരിഞ്ഞു കിട്ടാനുള്ള 1500 കോടിയോളം രൂപ ഈടാക്കുന്നതിന് എന്തെല്ലാം നടപടികളാണ് സ്വീകരിച്ചു വരുന്നത്; | (എ) | പാട്ടക്കുടിശ്ശിക വരുത്തിയിട്ടുള്ള കക്ഷികൾക്ക് ഡിമാന്റ് നോട്ടീസ് നൽകി, 15.02.2020 ലെ ജി.ഒ (പി) 16/2020/ആർ.ഡി, ജി.ഒ (പി) 17/2020/ ആർ.ഡി. എന്നീ സർക്കാർ ഉത്തരവുകൾ പ്രകാരവും റവന്യൂ റിക്കവറി നടപടികൾ സ്വീകരിച്ചും കുടിശ്ശിക തുക ഈടാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. 1957 ലെ കെ.എൽ.സി നിയമം പ്രകാരമുള്ള നടപടികളും സ്വീകരിച്ച് വരുന്നു. പാട്ട വ്യവസ്ഥകൾ ലംഘിച്ചവരിൽ നിന്നു ഭൂമി തിരിച്ചു പിടിക്കുന്നതിന് പാട്ട വ്യവസ്ഥ ലംഘിച്ച കേസുകളിൽ നിയമാനുസൃത നോട്ടീസ് നൽകി കക്ഷികളെ നേരിൽ കേട്ട ശേഷം ആവശ്യമെങ്കിൽ പാട്ടം റദ്ദ് ചെയ്ത് തിരികെ സർക്കാരിൽ നിക്ഷിപ്തമാക്കുന്നതുമാണ്. കൂടാതെ 1957 ലെ കേരള ഭൂ സംരക്ഷണ നിയമ പ്രകാരമുള്ള നടപടികൾ സ്വീകരിച്ച് ഭൂമി തിരിച്ചെടുക്കുന്നതിനുള്ള നടപടികളും സ്വീകരിച്ചു വരുന്നു. സംസ്ഥാനത്ത് പാട്ടത്തിന് നൽകിയിട്ടുള്ള സർക്കാർ ഭൂമിയുടെ പാട്ടം കുടിശ്ശിഖ ഉൾപ്പെടെ ഈടാക്കുന്നതിനായി ബന്ധപ്പെട്ട എല്ലാ പാട്ടക്കാർക്കും അടിയന്തിരമായി ഡിമാൻറ് നോട്ടീസ് നൽകുവാൻ നിർദ്ദേശിച്ചു കൊണ്ട് 09-06-2022ൽ യു1/105/2020-റവ.പ്രകാരം സർക്കുലർ പുറപ്പെടുവിച്ചിട്ടുണ്ട്. |
| (ബി) | പാട്ട വ്യവസ്ഥകൾ ലംഘിച്ചവരിൽ നിന്ന് സ്ഥലം ഏറ്റെടുക്കാൻ എന്തെങ്കിലും നടപടി സ്വീകരിക്കാൻ ഉദ്ദേശിക്കുന്നുണ്ടോ; വിശദമാക്കുമോ; | (ബി) | പാട്ടക്കുടിശ്ശിക വരുത്തിയിട്ടുള്ള കക്ഷികൾക്ക് ഡിമാന്റ് നോട്ടീസ് നൽകി, 15.02.2020 ലെ ജി.ഒ (പി) 16/2020/ആർ.ഡി, ജി.ഒ (പി) 17/2020/ ആർ.ഡി. എന്നീ സർക്കാർ ഉത്തരവുകൾ പ്രകാരവും റവന്യൂ റിക്കവറി നടപടികൾ സ്വീകരിച്ചും കുടിശ്ശിക തുക ഈടാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. 1957 ലെ കെ.എൽ.സി നിയമം പ്രകാരമുള്ള നടപടികളും സ്വീകരിച്ചു വരുന്നു. പാട്ട |

| | | | |
|---|---|---|---|
| | | | വ്യവസ്ഥകൾ ലംഘിച്ചവരിൽ നിന്നു ഭൂമി തിരിച്ചു പിടിക്കുന്നതിന് പാട്ട വ്യവസ്ഥ ലംഘിച്ച കേസുകളിൽ നിയമാനുസൃത നോട്ടീസ് നൽകി കക്ഷികളെ നേരിൽ കേട്ട ശേഷം ആവശ്യമെങ്കിൽ പാട്ടം റദ്ദ് ചെയ്ത് തിരികെ സർക്കാരിൽ നിക്ഷിപ്തമാക്കുന്നതുമാണ്. കൂടാതെ 1957 ലെ കേരള ഭൂ സംരക്ഷണ നിയമ പ്രകാരമുള്ള നടപടികൾ സ്വീകരിച്ച് ഭൂമി തിരിച്ചെടുക്കുന്നതിനുള്ള നടപടികളും സ്വീകരിച്ചു വരുന്നു. സംസ്ഥാനത്ത് പാട്ടത്തിന് നൽകിയിട്ടുള്ള സർക്കാർ ഭൂമിയുടെ പാട്ടം കുടിശ്ശിക ഉൾപ്പെടെ ഈടാക്കുന്നതിനായി ബന്ധപ്പെട്ട എല്ലാ പാട്ടക്കാർക്കും അടിയന്തിരമായി ഡിമാൻറ് നോട്ടീസ് നൽകുവാൻ നിർദ്ദേശിച്ചു കൊണ്ട് 09-06-2022ൽ യു1/105/2020-റവ.പ്രകാരം സർക്കുലർ പുറപ്പെടുവിച്ചിട്ടുണ്ട്. |
| (സി) | പാട്ടത്തുക കാലാനുസൃതമായി പുതുക്കുന്നതിന് നടപടി സ്വീകരിക്കാൻ ഉദ്ദേശിക്കുന്നുണ്ടോ; എങ്കിൽ എന്നുമുതൽ പുതുക്കാനാണ് ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കാമോ? | (സി) | പാട്ടത്തുക കാലാനുസൃതമായി പുതുക്കുന്നത് സംബന്ധിച്ച വിഷയം ഇപ്പോൾ പരിഗണനയിലില്ല |

സെക്ഷൻ ഓഫീസർ